"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.110/ഡി സി.1/2021/ തസ്വഭവ
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്

തിരുവനന്തപുരം,
തീയതി: 11/05/2021

<u>സർക്കുലർ</u>

വിഷയം:- ഈദ് ഉൽ ഫിത്തറിനോട് (റംസാൻ) അനുബന്ധിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മാംസ വിഭവങ്ങൾ ഡോർ ഡെലിവറി നടത്തുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- മേൽ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ കുറിപ്പ്

**********************

കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ലോക്ക് ഡൌൺ നിലനിൽക്കുന്ന സാഹചര്യത്തിൽ 10.05.2021 ൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ച പ്രകാരം ഈദ് ഉൽ ഫിത്തറിനോട് (റംസാൻ) അനുബന്ധിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മാംസ വിഭവങ്ങൾ ഡോർ ഡെലിവറി നടത്തുന്നതിന്റെ സാദ്ധ്യതകൾ സർക്കാർ തേടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മാംസ വിഭവങ്ങളുടെ വില്പന സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1) ഇറച്ചിക്കടകളിലെ ആൾക്കൂട്ടം ഒഴിവാക്കാനായി, ഇറച്ചി വില്പനക്കാരുടെ സംഘടനകളുമായി ഇന്ന് തന്നെ (11.05.2021) ഓൺലൈൻ യോഗം ചേരേണ്ടതും ഹോം ഡെലിവറിയിലേയ്ക്ക് മാറുവാൻ അവരോടു അപേക്ഷിക്കാവുന്നതുമാണ്.

2) കടയ്ക്കു മുന്നിൽ ആൾക്കൂട്ടം ഒഴിവാക്കേണ്ടതും സാമൂഹിക അകലം ഉൾപ്പെടെ എല്ലാ കോവിഡ് പ്രോട്ടോകോളും പാലിക്കേണ്ടതുമാണ്. ഇത് ലംഘിക്കുന്ന കടക്കാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

3) ഇറച്ചി വിൽപ്പനക്കാർ പരമാവധി ഡോർ ഡെലിവറി പ്രോത്സാഹിപ്പിക്കേണ്ടതും ആയതിനാവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതുമാണ്.

4) തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിക്കുള്ളിലുള്ള വില്പനക്കാരുടെ

കോൺടാക്ട് നമ്പർ ഉൾപ്പെടെ പട്ടിക തയ്യാറാക്കേണ്ടതും ഹെല്പ് ഡെസ്കിൽ ലഭ്യമാക്കേണ്ടതുമാണ്.

5) കച്ചവടക്കാർ ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാക്കുന്നതിനായി ആവശ്യത്തിന് ഡോർ ഡെലിവറിക്ക് തയ്യാറായ സന്നദ്ധ പ്രവർത്തകരെ ഹെല്പ് ഡെസ്കിൽ തയ്യാറാക്കി നിറുത്താവുന്നതാണ്.

6) റംസാന് തലേന്ന് രാത്രി മുഴുവൻ ഹെല്പ് ഡെസ്ക് പ്രവർത്തിക്കേണ്ടതാണ്.

7) ഇറച്ചി വ്യാപാരികളുടെ പട്ടിക തദ്ദേശ സ്ഥാപനങ്ങൾ പൊലീസുമായി പങ്കുവയ്ക്കേണ്ടതാണ്.

8) ഇറച്ചി കൊണ്ടുകൊടുക്കുന്നവർക്കുള്ള പാസ് കച്ചവടക്കാർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം തദ്ദേശ സ്ഥാപന സെക്രട്ടറി/ഹെൽത്ത് ഓഫീസർ വിതരണം ചെയ്യേണ്ടതാണ്.

**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യ വകുപ്പ് ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് / തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സിഎയ്ക്ക്